## ശ്രദ്ധക്ഷണിക്കൽ

### (1) മനുഷ്യരിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നടത്തുന്ന മരുന്ന് പരീക്ഷണങ്ങൾ

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, നിലവിലുള്ള മാനദണ്ഡങ്ങളും തത്വങ്ങളുമെല്ലാം കാറ്റിൽപ്പറത്തിക്കൊണ്ട് വൻകിട ഔഷധ നിർമ്മാണ കമ്പനികൾക്കുവേണ്ടി മനുഷ്യ ശരീരത്തിൽ നടത്തുന്ന മരുന്ന് പരീക്ഷണത്തിനെതിരെ സമൂഹ മന:സാക്ഷിയെ ഉണർത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. നിലവിൽ നമ്മുടെ രാജ്യത്ത് മരുന്ന് പരീക്ഷണത്തിന് ഒരു നിയമമില്ല. അതിന്റെ അഭാവത്തിൽ നിയമത്തിന് തുല്യമായി പ്രാധാന്യമർഹിക്കുന്ന മാർഗ്ഗരേഖകളാണ് ഇതിലുള്ളത്. ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചിന്റെയും അന്താരാഷ്ട്ര സ്ഥാപനങ്ങളുടെയുമെല്ലാം മാർഗ്ഗ നിർദ്ദേശങ്ങളാണ് ഇതിലുള്ളത്. ഡ്രഗ്സ് കൺട്രോൾ ബോർഡിന്റെ നടപടിക്രമങ്ങളും ഇന്ത്യയിൽ നിലവിലുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലും 1947–ൽ പ്രസിദ്ധീകൃതമായ ന്യൂറെംബെർഗ് (ചൗൃലായലൃഴ) നിയമസംഹിതയിലുമാണ് മരുന്ന് പരീക്ഷണത്തിനുള്ള നിയമങ്ങളും നിർദ്ദേശങ്ങളുമെല്ലാം ഉള്ളത്. ഈയൊരു സന്ദർഭത്തിൽ ലാഭക്കൊതിയോടുകൂടി മരുന്നുകമ്പനികൾ മനുഷ്യ ശരീരത്തിൽ നിരവധിയായ പരീക്ഷണങ്ങൾ നടത്തിക്കൊണ്ട് വലിയ ലാഭം കൊയ്യുന്ന സാഹചര്യം നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. മരുന്ന് മേഖലയിലെയും ചികിത്സാ മേഖലയിലെയും പരീക്ഷണങ്ങൾ വൈദ്യശാസ്ത്രത്തിന്റെ പുരോഗതിക്ക് അനിവാര്യമാണ്. അവ നടത്തുന്നതിന് വൈദ്യശാസ്ത്രം ചില നിയന്ത്രണങ്ങളും തത്വങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ദുഷ്ഫലങ്ങൾ പരമാവധി കുറയ്ക്കുക എന്നതാണ് അവയുടെയെല്ലാം അന്തഃസത്ത. എന്നാൽ ഇത്തരം

നിയന്ത്രണങ്ങളുടെയും ധാർമ്മികതയുടെയും ലംഘനങ്ങൾ ഈ രംഗത്ത് വ്യാപകമാണ്. അനധികൃതമോ സുതാര്യമോ അല്ലാത്ത പരീക്ഷണങ്ങൾ എവിടെയെല്ലാം നടക്കുന്നുവെന്ന് കണ്ടുപിടിക്കാൻപോലും കഴിയാത്ത സ്ഥിതിയാണ് ഇന്ന് ഇന്ത്യയിലും കേരളത്തിലുമുള്ളത്. രോഗശമനത്തിന് ഉപകരിക്കുമെന്നുള്ളതുകൊണ്ട് ഔഷധങ്ങൾക്ക് വിപണനത്തിനപ്പുറത്ത് ഒരു മൂല്യമുണ്ട്. അത് വൈദ്യശാസ്ത്ര ലോകവും സമൂഹവും പണ്ടേ കൽപ്പിച്ചുനൽകിയിട്ടുള്ള ഒന്നാണ്. എന്നാൽ ബഹുരാഷ്ട്ര കുത്തകകൾ ഔഷധങ്ങളെയൊക്കെത്തന്നെയും കച്ചവടക്കണ്ണിലൂടെ മാത്രം കാണുകയും കൊള്ളലാഭത്തിനുള്ള വഴികൾ തേടാൻ തുടങ്ങിയതോടെയും കാര്യങ്ങളെല്ലാം മാറിയിരിക്കുകയാണ്. നിരോധിച്ച മരുന്നുകളുടെ വിൽപ്പന, ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ ആധിക്യം, കുതിച്ചുയരുന്ന മരുന്നുവില തുടങ്ങിയവ ഈ പ്രവണതയുടെ ദുഷ്ഫലങ്ങളാണ്. വൈദ്യശാസ്ത്രത്തിന്റെ മൂല്യങ്ങളോ അതുപോലെതന്നെ ധാർമ്മികതയുടെ മൂല്യങ്ങളോ വിലകൽപ്പിക്കാതെ ഈ രംഗത്ത് പ്രവർത്തിക്കുമ്പോൾ, ഇങ്ങനെയുള്ള ലാഭക്കൊതിയന്മാർ ഏതറ്റംവരെ പോകുമെന്നുള്ളതിന് ഏറ്റവും വലിയ തെളിവാണ് ഇത്തരത്തിലുള്ള പ്രവണതകൾ. 2010-11 വർഷങ്ങളിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മരുന്ന് പരീക്ഷണംമൂലം 1144 പേർ മരിച്ചിട്ടുണ്ട്. കാൻസർ, വാർദ്ധക്യ രോഗങ്ങൾ, മരണത്തിന് കാരണമായേക്കാവുന്ന മറ്റ് രോഗങ്ങൾ എന്നിവ ബാധിച്ചവരാണ് മരുന്ന് പരീക്ഷണത്തിന് വിധേയമായവർ, അങ്ങനെ മരിച്ചവരുടെ എണ്ണം 1106 ആണ്. അതോടൊപ്പം തന്നെ മരുന്ന് പരീക്ഷണത്തിന്റെ പ്രത്യാഘാതമായി 38 പേർ മരണപ്പെട്ടുവെന്നും കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. ഗുലാംനബി ആസാദ് 21-08-2012-ൽ രാജ്യസഭയിൽ വെളിപ്പെടുത്തുകയുണ്ടായി. ഇന്ത്യയിൽ മരുന്ന് പരീക്ഷണം നടത്തുന്നതിന്റെ ദോഷഫലങ്ങളെക്കുറിച്ച് പാർലമെന്ററി സമി

തിയുടെ മുന്നറിയിപ്പ് ഉണ്ടായിട്ടുണ്ട്. ദരിദ്രരും നിരക്ഷരരുമായിട്ടുള്ള ജനങ്ങളെ മരുന്ന് മാഫിയകൾ പരീക്ഷണത്തിന് ഇരയാക്കുന്നുവെന്നുള്ളതാണ് ഏറ്റവും വലിയ ആക്ഷേപം. സർ, അലഹബാദ് ഹൈക്കോടതിയിലും ബഹുമാനപ്പെട്ട സുപ്രീംകോടതിയിലും മരുന്നു പരീക്ഷണങ്ങളെ സംബന്ധിച്ച കേസുകൾ പുരോഗമിക്കുകയാണ്. അവയുടെ വിധി വരുന്ന മുറയ്ക്ക് കേന്ദ്ര സർക്കാർ വേണ്ട നടപടികളോ നിയമനിർമ്മാണങ്ങളോ നടത്തുമെന്ന് ബഹുമാനപ്പെട്ട മന്ത്രി രാജ്യസഭയിൽ ഉറപ്പ് നൽകിയിട്ടുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : യേസ്.....പ്ലീസ്, കൺക്ലൂഡ്. ...

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : മരുന്ന് കമ്പനികളുടെ പരീക്ഷണത്തിന് മനുഷ്യരെ ഉപയോഗിക്കുന്നു എന്ന ആരോപണത്തിന്മേൽ കേന്ദ്ര സർക്കാരിനോടും വിവിധ സംസ്ഥാനങ്ങളോടും വിശദീകരണം നൽകണമെന്ന് ബഹുമാനപ്പെട്ട കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. ജസ്റ്റിസുമാരായ ആർ. എം. ലോധ, എ.ആർ.ദേവ് എന്നിവരടങ്ങുന്ന ഡിവിഷൻ ബഞ്ച് 8.10.12 ൽ ഇപ്രകാരം വിധി പ്രസ്താവിച്ചിരുന്നതാണ്. ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന ഇത്തരം പരീക്ഷണങ്ങൾ ഉടൻ അവസാനിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി അഭിപ്രായപ്പെടുകയുണ്ടായി. മനുഷ്യരെ ഗിനിപ്പന്നികളാക്കുന്ന ഇത്തരം പ്രവണതകൾ അവസാനിപ്പിക്കണമെന്നും ബഹുമാനപ്പെട്ട സുപ്രീംകോടതി ആവശ്യപ്പെട്ടിരിക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : യേസ്.....പ്ലീസ് കൺക്ലൂഡ്. ...പ്ലീസ്....

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : ഇത്തരത്തിലുള്ള സമീപനങ്ങൾ നമ്മുടെ മനുഷ്യരാശിയെ തന്നെ വല്ലാത്ത ഒരവസ്ഥയിലേയ്ക്ക് കൊണ്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഒഴിവാക്കാനാവാത്ത അവസ്ഥയിൽ മാത്രമേ മനുഷ്യ ശരീരത്തിൽ മരുന്നു പരീക്ഷണം നടത്താവൂ എന്നിരിക്കെ മനുഷ്യരെ മൃഗത്തിനെ

ക്കാൾ മോശമായ നിലയിൽ അമിതമായ ലാഭത്തിന് വേണ്ടി മരുന്നു കമ്പനി കൾ ഉപയോഗിക്കുന്നത് തടയേണ്ടതുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : യേസ്..... ബഹമാനപ്പെട്ട ഉണ്ണിയാടൻ, പ്ലീസ്, കൺക്ലൂഡ്. ...

ശ്രീ. തോമസ് ഉണ്ണിയാടൻ : നമ്മുടെ സംസ്ഥാനത്ത് ഇങ്ങനെയുള്ള ചില ആക്ഷേപങ്ങൾ ഉയർന്നുവന്ന സാഹചര്യത്തിൽ നമ്മുടെ സംസ്ഥാന ഗവൺമെന്റ് അതേക്കുറിച്ച് അന്വേഷിക്കാൻ വേണ്ടി ഒരു സമിതിയെ വയ്ക്കു കയുണ്ടായി. ആ സമിതിക്ക് റിപ്പോർട്ട് നൽകുന്നതിന് രണ്ട് മാസക്കാലാ വധിയായിരുന്നു നൽകിയിരുന്നത്. വീണ്ടും രണ്ടുമാസംകൂടി ദീർഘിപ്പിച്ചു നൽകുകയുണ്ടായി. ഇപ്പോൾ ആറുമാസമായി എന്നിട്ടും പ്രത്യേകമായൊരു കാര്യത്തെക്കുറിച്ച് അന്വേഷിക്കാൻ നിയോഗിക്കപ്പെട്ട സമിതി റിപ്പോർട്ട് നൽകിയിട്ടില്ല എന്നൊരു ആക്ഷേപംകൂടി നിലനിൽക്കുന്നുണ്ട്. ഏതായാലും ഇക്കാര്യത്തിൽ കേരളം ഉൾപ്പെടെ ഇന്ത്യയിൽ മരുന്നു പരീക്ഷണത്തിന് മനുഷ്യ ശരീരം ഉപയോഗിച്ചുകൊണ്ട് വല്ലാത്ത ഒരവസ്ഥ സൃഷ്ടിക്കുന്ന സാഹചര്യത്തെ നാം ഗൗരവത്തോടെ കാണണം. സംസ്ഥാന ഗവൺമെന്റും ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണം. കേന്ദ്രത്തിന് മാത്രമേ നിയമം നിർമ്മിക്കാൻ സാധിക്കൂ എന്ന് എനിക്കറിയാം. അനധികൃതമായി, സുതാര്യമല്ലാത്ത തരത്തിൽ നമ്മുടെ സംസ്ഥാനത്ത് ഈ പരീക്ഷണം മനുഷ്യ ശരീരത്തിൽ നടത്തുന്നത് അവസാനിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ നമ്മുടെ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ചെയർ എത്രതന്നെ പറഞ്ഞിട്ടും യാതൊരു നിയന്ത്രണവും അംഗങ്ങളുടെ ഭാഗത്തു നിന്നില്ല. അതുകൊണ്ട് ചെയർ നിയന്ത്രിക്കുന്നില്ല. എത്ര സമയം വേണമെങ്കിലും നമുക്കിവിടെ ഇരിക്കാം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ബഹുമാനപ്പെട്ട ശ്രീ തോമസ് ഉണ്ണിയാടൻ ഇവിടെ സൂചിപ്പിച്ചത് ഇന്ന് ചർച്ച ചെയ്യപ്പെടുന്ന പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഇന്ത്യയിൽ നടക്കുന്ന ക്ലിനിക്കൽ ട്രയലുകൾക്ക് അനുമതി നൽകുന്നതും അവ നിയന്ത്രിക്കുന്നതും കേന്ദ്ര സർക്കാരിന്റെ ആരോഗ്യ മന്ത്രാലയത്തിന്റെ കീഴിൽ വരുന്ന ഡ്രഗ്സ് കൺട്രോളർ ജനറൽ മേലധികാരിയായിട്ടുള്ള സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷനും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചുമാണ് (ഐ.സി.എം.ആർ). ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളും അനുവാദവും ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിലെ ഷെഡ്യൂൾ 'y'-ലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാന ഡ്രഗ്സ് കൺട്രോളിന്റെ കീഴിലുള്ള ഉദ്യോഗസ്ഥർക്ക് ക്ലിനിക്കൽ ട്രയൽ പരിശോധന സംബന്ധിച്ച് അധികാരങ്ങളൊന്നും നിലവിൽ നൽകിയിട്ടില്ല. മരുന്നു നിർമ്മാതാക്കൾ ഗവേഷണം നടത്തി ഒരു പുതിയ മരുന്ന് കണ്ടെത്തിക്കഴിഞ്ഞാൽ അത് ക്ലിനിക്കൽ ട്രയലിന് വിധേയമാക്കേണ്ടതുണ്ട്. ആദ്യം മൃഗങ്ങളിലും ജീവജാലങ്ങളിലും പരീക്ഷണം നടത്തി വിജയിച്ചാൽ മാത്രമേ മനുഷ്യ ശരീരത്തിൽ പരീക്ഷണം നടത്താറുള്ളൂ. ഇപ്രകാരം ട്രയൽ നടത്തുന്നതിന് അംഗീകൃത ഏജൻസികളെയോ പ്രമുഖ ആശുപത്രികളെയോ ഏൽപ്പിക്കാറുണ്ട്. കേന്ദ്ര ഡ്രഗ്സ് കൺട്രോൾ ജനറലിന്റെ അംഗീകാരത്തോടെ മാത്രമേ ഇപ്രകാരം ഏജൻസികളെ ഏൽപ്പിക്കാറുള്ളു. മരുന്നു

പരീക്ഷിച്ച് ഫലപ്രദമാണോയെന്ന് കണ്ടെത്തുന്നതിന് മുൻപ് വിവരം പരീക്ഷണ വിധേയമാകുന്ന വ്യക്തിയെ ധരിപ്പിക്കുകയും പ്രസ്തുത വ്യക്തിയുടെ സമ്മതം വാങ്ങുകയും ചെയ്യണമെന്നുണ്ട്. പരീക്ഷണം നടത്തുമ്പോൾ എല്ലാവിധ മെഡിക്കൽ സപ്പോർട്ടും പരീക്ഷണം നടത്തുന്ന ഏജൻസി നൽകേണ്ടതാണ്. പാർശ്വഫലങ്ങളുണ്ടായാൽ അത് തടയുന്നതിനും പ്രസ്തുത ഏജൻസി നടപടികൾ സ്വീകരിക്കണം. മരുന്നിന്റെ ഫലം എന്താണെന്ന് പിരിയോഡിക്കലായി പരിശോധിക്കുകയും വിവരം യഥാർത്ഥ നിർമ്മാതാവിനെ അറിയിക്കുകയും ചെയ്യും. പാർശ്വഫലങ്ങളില്ലെങ്കിൽ മരുന്ന് വിപണിയിലിറക്കും. ട്രയൽ കഴിഞ്ഞാൽ മാത്രമേ കിറശമി ജവമൃാമരീുീലശമയും ഇതിനെ അംഗീകൃത ഡ്രഗ്ഗായി കണക്കാക്കുകയുള്ളൂ. എല്ലാ നടപടി ക്രമങ്ങൾക്കും കേന്ദ്ര ഡ്രഗ്സ് കൺട്രോളർ ജനറലിന്റെ ലൈസൻസും അനുമതിയും വേണം. അനധികൃതമായി മരുന്നു പരീക്ഷണം നടത്തുന്നുവെന്ന് നമ്മുടെ സംസ്ഥാനത്ത് ചില മാധ്യമങ്ങളിൽ വാർത്തകൾ വന്നപ്പോൾ തന്നെ സർക്കാർ 18.8.2012 ലെ ജി.ഒ. പ്രകാരം 6 പേരടങ്ങുന്ന ഒരു ഉന്നതതല സമിതിയെ രൂപീകരിക്കുകയുണ്ടായി. സയൻസ് ആന്റ് ടെക്നോളജി പ്രിൻസിപ്പൽ സെക്രട്ടറി, ശ്രീ. വി. എൻ. രാജശേഖരൻപിള്ള ചെയർമാനായുള്ള വിദഗ്ദ്ധ സമിതിയാണ് സംസ്ഥാന ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ളത്. കേരളത്തിൽ അനധികൃതമായ മരുന്നു പരീക്ഷണങ്ങൾ നടക്കുന്നുണ്ടോയെന്നത് അന്വേഷിക്കുന്നതിനും ഇത്തരം പരീക്ഷണങ്ങൾ ഉണ്ടെങ്കിൽ ആയത് തടയുന്നതിനുമുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനുമാണ് പ്രസ്തുത കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളത്. കമ്മിറ്റി ഈ മാസം 28-ന് മുമ്പ് അതിന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ ഗൗരവമുള്ള പ്രശ്ന

ത്തെക്കുറിച്ച് ഗവൺമെന്റ് ചർച്ച ചെയ്യുകയും ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ സമിതി രൂപീകരിച്ചിട്ടുള്ളത്, ഒരു പ്രത്യേക വിഷയം സംബന്ധിച്ച് അന്വേഷിക്കുന്നതിന് വേണ്ടിയാണ്. എന്റെ ചോദ്യം, കേന്ദ്ര നിയമം വരുന്നതുവരെ കേരളത്തിൽ അനധികൃതമായ മരുന്നു പരീക്ഷണം നടക്കുന്നില്ലെന്ന് ഉറപ്പു വരുത്താൻ ശക്തമായ ഒരു സമിതിക്ക് രൂപം കൊടുക്കുമോ; സമിതിയുടെ പ്രവർത്തനത്തിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ കൃത്യമായ ഇടപെടലും മേൽനോട്ടവും ഉണ്ടാകുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഈ മരുന്നുകളെ സംബന്ധിച്ചുള്ള കാര്യങ്ങളെല്ലാം കേന്ദ്ര നിയമത്തിന്റെ പരിധിയിലാണ് വരുന്നത്. ലൈസൻസ് കൊടുക്കുന്നതും അതുമായി ബന്ധപ്പെട്ട ട്രയൽ നടത്തുന്നതും വില നിശ്ചയിക്കുന്നതുമായ എല്ലാ കാര്യങ്ങളും കേന്ദ്ര ഗവൺമെന്റിന്റെ പരിധിയിലാണ് വരുന്നത്. ഇവിടെ അനധികൃതമായ ചില നടപടികൾ ഈ മേഖലയിൽ നടക്കുന്നുവെന്നുള്ള പരാതികൾ ചില ദൃശ്യ മാധ്യമങ്ങളിൽ വന്നതിന്റെ പശ്ചാത്തലത്തിലാണ് ഗവൺമെന്റ് ഒരു സമിതിയെ വച്ചത്. എന്തായാലും ആ സമിതിയുടെ റിപ്പോർട്ടിൽ ഈ കാര്യങ്ങളെല്ലാം ഉൾക്കൊള്ളിക്കുമെന്നാണ് കരുതുന്നത്. ആ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചശേഷം ഇതുമായി ബന്ധപ്പെട്ടിട്ടുള്ള ഗുരുതരമായ പ്രശ്നം സംബന്ധിച്ച്, സ്ഥിരമായ ഒരു കമ്മിറ്റി വേണമോയെന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കും. സമിതിയുടെ റിപ്പോർട്ട് ഗവൺമെന്റ് പ്രതീക്ഷിക്കുകയാണ്. ഈ ഇരുപത്തിയെട്ടാം തീയതിക്ക് മുമ്പ് സമിതി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

## (2) സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം

ശ്രീ. വി. ശിവൻകുട്ടി: സർ, എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് ദിവസങ്ങളോളം ചർച്ച ചെയ്ത് നിയമസഭ ഏകകണ്ഠമായി പാസാക്കിയ സ്പോർട്സ് ആക്ടിനെ നിർജ്ജീവമാക്കിക്കൊണ്ട് പ്രഖ്യാപിച്ച ഈ ഗവൺമെന്റിന്റെ പുതിയ കായിക നയം ഒരു തരത്തിലും അംഗീകരിക്കാൻ കഴിയുകയില്ല. ഇടതുപക്ഷ സർക്കാർ നടപ്പിലാക്കിയ കാര്യങ്ങൾ ഒന്നുകൂടി പ്രഖ്യാപിച്ച് ജനാധിപത്യ സമ്പ്രദായത്തിൽ കാലാകാലങ്ങളായി വളരെ നല്ല രീതിയിൽ നടപ്പിലാക്കിയിരുന്ന സംസ്ഥാന സ്പോർട്സ് കൗൺസിലിനെ നോക്കുകുത്തിയാക്കി പിന്തിരിപ്പൻ നിയമങ്ങൾ ഉൾപ്പെടുത്തി പ്രഖ്യാപിച്ചിട്ടുള്ള ഈ കായിക നയത്തെ ഒരു തരത്തിലും ആർക്കും പിന്തുണയ്ക്കാൻ കഴിയുകയില്ല. 1954 ൽ കേണൽ ഗോദവർമ്മ രാജയുടെ നേതൃത്വത്തിൽ നിലവിൽ വന്ന കേരള സ്പോർട്സ് കൗൺസിലിന് കീഴിൽ 36 സ്പോർട്സ് അസോസിയേഷനുകൾ നിലവിലുണ്ട്. ഈ സർക്കാരിന്റെ ഏറ്റവും വികലമായ കായിക നയത്തിന്റെ ഫലമായി ദേശീയ-അന്തർദ്ദേശീയ തലങ്ങളിലുള്ള കേരളത്തിന്റെ മികവിന് ഇടിവ് വന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ 60 ഹോസ്റ്റലുകളിലായി 1500 ഓളം കായിക താരങ്ങൾ പഠിക്കുന്നു. എന്നാൽ 136 കുട്ടികൾ പങ്കെടുത്ത കേരളാ ടീമിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ഹോസ്റ്റലിൽ നിന്ന് ഉണ്ടായിരുന്നത് വെറും 11 പേർ മാത്രമാണ്. മികവുറ്റ കായികതാരങ്ങൾ, പ്രഗൽഭരായ പരിശീലകർ, പരിചയ സമ്പന്നരായ സംഘാടകർ എന്നീ ഘടകങ്ങൾ ഒത്തിണങ്ങിയാൽ മാത്രമേ കായിക രംഗത്ത് പുരോഗതിയുണ്ടാകുവെന്നത് ഉറപ്പാണ്. മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന 10 ശതമാനം കായികതാരങ്ങളെ

നമ്മൾ അറിയുമ്പോൾ 90 ശതമാനവും പരിക്കുപറ്റുകയോ വേണ്ടത്ര ശാസ്ത്രീയവും ആധുനികവുമായ പരിശീലനം ലഭിക്കാതെയോ കായിക രംഗത്തു നിന്ന് അപ്രത്യക്ഷമാകുന്ന ദയനീയ കാഴ്ചയാണ് നാം കാണുന്നത്. ലോക നിലവാരത്തിലേയ്ക്കുയരുമ്പോൾ ശാരീരിക മികവ് മാത്രംപോര. സ്പോർട്സ് മെഡിസിന്റെയും സ്പോർട്സ് സൈക്കോളജിയുടെയും പിന്തുണകൂടി ആവശ്യമാണ്. ഇത് സ്വന്തമാക്കുവാൻ അന്തർദ്ദേശീയ നിലവാരത്തിലുള്ള സ്പോർട്സ് റിസർച്ച് സെന്ററുകൾ നമുക്ക് അനിവാര്യമാണ്. കായിക താരങ്ങൾക്ക് നീക്കിവച്ചിട്ടുള്ള സ്പോർട്സ് ക്വാട്ട നിയമനങ്ങളിൽ വെള്ളം ചേർക്കുന്ന നടപടിയാണ് യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് നടക്കുന്നത്. ഉദാഹരണത്തിന് കോമൺവെൽത്ത് ഗെയിംസും കോമൺവെൽത്ത് ചാമ്പ്യൻഷിപ്പും രണ്ടായിരിക്കെ കോമൺവെൽത്ത് ഗെയിംസിന്റെ മാനദണ്ഡം ഉപയോഗിച്ച് ഒരാൾക്ക് ജോലി നൽകിയിരിക്കുന്നു. അത് കിട്ടാൻ യഥാർത്ഥത്തിൽ യോഗ്യതയും അർഹതയുമുള്ള വനിതാ കായികതാരത്തിന് ഉന്നതങ്ങളിൽ സ്വാധീനം ചെലുത്തുവാൻ കഴിയാത്തതുകാരണം നിഷ്കരുണം തഴയപ്പെട്ടിരിക്കുന്നു. അതിന്റെ ഡീറ്റെയിൽസ് അങ്ങയ്ക്ക് വേണമെങ്കിൽ തരാം. ബഹുമാനപ്പെട്ട കോടതി സ്റ്റേ ഓർഡർ പുറപ്പെടുവിച്ചിട്ടുപോലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസ് അത് വളരെ രഹസ്യമാക്കി വച്ച് അർഹതയില്ലാത്ത സർട്ടിഫിക്കറ്റുപയോഗിച്ചാണ് പി.ഡബ്ല്യു.ഡി-യിൽ യോഗ്യതയില്ലാത്ത വ്യക്തിക്ക് നിയമനം നൽകിയിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് നീതിപൂർവ്വമായ തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുകയുമാണ്. അതുപോലെ തന്നെ ദേശീയ മത്സരങ്ങളിലേയ്ക്ക് പോകുന്ന ദേശീയ കായിക താരങ്ങൾ തീവണ്ടിയിൽ അനുഭവിക്കുന്ന ദുരവസ്ഥ സർക്കാർ ഏറെ ഗൗരവമായി കാണുകയും അങ്ങ് ഈ

കാര്യത്തിൽ ഇടപെട്ടിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പു മന്ത്രി കായികതാരങ്ങൾക്ക് ട്രെയിനിൽ എ.സി യാത്രാസൗകര്യം നൽകുമെന്ന് വാഗ്ദാനം ചെയ്തത് ഇപ്പോഴും ജലരേഖയാണ്. സ്പോർട്സ് കൗൺസിലിലെ ജീവനക്കാർക്ക് കൃത്യമായി മാസംതോറും ശമ്പളം കൊടുക്കാൻ പോലും ഈ സർക്കാർ തയ്യാറാകുന്നില്ല. കായിക താരങ്ങൾക്ക് കൊടുക്കുന്ന റ്റി.എ.–യും ഡി.എ.–യും വർദ്ധിപ്പിക്കണം. സർക്കാരിന് ആത്മാർത്ഥതയുണ്ടെങ്കിൽ എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന സ്പോർട്ട്സ് കമ്മീഷനിൽ രാജ്യത്തെ ഏറ്റവും പ്രഗല്ഭരായിരുന്ന അംഗങ്ങൾ സമർപ്പിച്ചിട്ടുള്ള ശുപാർശകൾ നടപ്പിലാക്കുകയാണ് വേണ്ടത്. 2000–ലാണ് കേരള നിയമസഭ സ്പോർട്ട്സ് ആക്ട് ഏകകണ്ഠമായി പാസ്സാക്കിയത്. പ്രസ്തുത ആക്ട് കുറ്റമറ്റ രീതിയിൽ നടപ്പിലാക്കിയാൽത്തന്നെ സ്പോർട്ട്സ് കൗൺസിലും കേരളത്തിലെ കായികരംഗവും ഉടച്ചുവാർക്കപ്പെടുമെന്നുമുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അവശ സിനിമാ കലാകാരന്മാർ, അവശ നാടക കലാകാരന്മാർ, അവശതയനുഭവിക്കുന്ന സാഹിത്യകാരന്മാർ തുടങ്ങി സമസ്തമേഖലകളിലും അവശതയനുഭവിക്കുന്നവർക്കുവേണ്ടി ക്ഷേമനിധികൾ നിലവിലുണ്ട്. എന്നാൽ കായിക–സ്പോർട്ട്സ് മേഖലയിൽ തങ്ങളുടെ കഴിവും പ്രാഗൽഭ്യവും തെളിയിക്കുകയും സംസ്ഥാനത്തിനുവേണ്ടിയും രാജ്യത്തിനുവേണ്ടിയും നിരവധി മെഡലുകളും പുരസ്ക്കാരങ്ങളും നേടുകയും ചെയ്തിട്ടുള്ള അനേകം കായികതാരങ്ങൾ ഇപ്പോൾ അവശതയനുഭവിക്കുന്നുണ്ട്. ബന്ധപ്പെട്ട അധികാരികളോ സർക്കാരോ അവരെ തിരിഞ്ഞുനോക്കാത്ത അവസ്ഥയാണുള്ളത്. ഇവരിൽ കായിക ഇനങ്ങളിൽ പങ്കെടുത്തുകൊണ്ടിരിക്കെ സാരമായി പരിക്കുപറ്റി ജീവിക്കാൻപോലും നിവൃത്തിയില്ലാതെ, സഞ്ചരിക്കാൻ പോലും നിവൃത്തിയില്ലാതെ കഴിഞ്ഞുകൂടുന്ന നിരവധി ആൾക്കാ

രുണ്ട്. സംസ്ഥാന കായികരംഗത്തിനുവേണ്ടി അളവറ്റ സംഭാവന ചെയ്ത ഈ കായികതാരങ്ങളെ സംരക്ഷിക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ ബാദ്ധ്യതയാണ്. അതുകൊണ്ടുതന്നെ അവരെ കറിവേപ്പിലപോലെ ഉപേക്ഷിക്കാതെ, സംസ്ഥാനത്തെ കായികതാരങ്ങൾക്കുവേണ്ടി ഒരു ക്ഷേമനിധി ഏർപ്പെടുത്തുവാൻ സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്. കായികതാരങ്ങൾക്കു മാത്രമല്ല പരിശീലകർക്കും സംഘാടകർക്കും ഈ ക്ഷേമനിധികൊണ്ട് പ്രയോജനമുണ്ടാകണം. അവരെയും ഈ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരണം. അതുപോലെ തന്നെ, കേരളത്തിൽ മാത്രമല്ല ലോകത്തുതന്നെ ഏറ്റവും കൂടുതൽ ആരാധകരുള്ള കളിയാണ് ഫുട്ബോൾ. എന്നാൽ ഇവിടെ ഏറ്റവും കൂടുതൽ അവഗണിക്കപ്പെടുന്ന കായികയിനവും ഫുട്ബോൾ തന്നെയാണ്. സംസ്ഥാനത്ത് നടക്കുന്ന ജി.വി. രാജ ഫുട്ബോൾ ടൂർണ്ണമെന്റിന് താങ്കൾ മന്ത്രിയായശേഷം 5 ലക്ഷം രൂപ നൽകി സഹായിക്കുകയുണ്ടായി. ഇത് 25 ലക്ഷം രൂപയാക്കി ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മലബാർ മേഖല ഉൾപ്പെടെ സംസ്ഥാനത്തിന്റെ ഗ്രാമീണമേഖലയിൽ ഏറ്റവും വലിയ വികാരമാണ് ഫുട്ബോളിനുള്ളത്. സർക്കാർ ഇനിയെങ്കിലും അതിന് പരിഗണന കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സിനിമയിലേത് പോലെയോ, കർഷകത്തൊഴിലാളികളുടേത് പോലെയോ അല്ലെങ്കിൽ കെട്ടിടനിർമ്മാണത്തൊഴിലാളികളുടേത് പോലെയോ ക്ഷേമനിധിയുടെ വിഹിതം അടയ്ക്കുന്നതിന് കായിക താരങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകും. ആ വിഹിതം സർക്കാർ വഹിക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. ഇത് അനുഭാവപൂർവ്വം പരിഗണിക്കണം. കേരളത്തിലെ മറ്റെല്ലാ ജനവിഭാഗങ്ങൾക്കും ക്ഷേമനിധിയുണ്ട്. കായികതാരങ്ങൾക്ക് മാത്രമാണ് ക്ഷേമനിധി ഇല്ലാത്തത്. കായികരംഗത്ത് ഒരുപാട് മാറ്റ

ങ്ങൾ വരുത്തുന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന അങ്ങ് ഇത് വളരെ ഗൗരവത്തോടു കൂടി കാണണമെന്ന് അപേക്ഷിക്കുകയാണ്.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞുതുടങ്ങിയത് കായിക നയത്തെക്കുറിച്ചാണ്. കായികനയത്തെക്കുറിച്ച് സർക്കാരിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. സ്പോർട്ട്സ് താരങ്ങളെ മുൻനിർത്തിക്കൊണ്ടുള്ള ഒരു നയമാണ് ഈ സർക്കാർ കൊണ്ടുവന്ന നയം. കേരളത്തിലെ എല്ലാ ജില്ലകളിലേയും കായികരംഗത്ത് പ്രവർത്തിക്കുന്നവരുമായി സംവാദം നടത്തിയതിനു ശേഷമുണ്ടായതാണ് 2012 ഒക്ടോബറിലെ കായികനയം. ബഹുമാനപ്പെട്ട അംഗം തന്നെ സൂചിപ്പിക്കുകയുണ്ടായി, നിയമനങ്ങളടക്കമുള്ള കാര്യങ്ങളിൽ വൻക്രമക്കേടുകളും അഴിമതികളും ഇവിടെ നടക്കുന്നുണ്ടായിരുന്നു. 2000-ലാണ് ആദ്യമായി കേരള നിയമസഭ ഒരു നിയമം കൊണ്ടുവന്നത്. അത്തരത്തിൽ ഒരു നിയമം കൊണ്ടുവന്നപ്പോൾ അതിൽ ഒരുപാട് ലൂപ്ഹോൾസുണ്ടായിരുന്നു. അഴിമതി നടത്തുന്നവർക്ക് രക്ഷപ്പെടുവാനും ക്രമക്കേട് ചെയ്യുന്നവർക്ക് തണൽ നൽകുന്നതുമായ ചില വകുപ്പുകൾ അതിനകത്തുണ്ട്. മറ്റൊരവസരത്തിൽ അതിനെക്കുറിച്ച് അങ്ങയുമായി വ്യക്തിപരമായി സംസാരിക്കാൻ ഞാൻ തയ്യാറാണ്. അത്തരത്തിൽ ഇതെല്ലാം പരിഹരിച്ചുകൊണ്ടുള്ള ഒരു പുതുക്കിയ നിയമം തയ്യാറായിട്ടുണ്ട്, അത് ഈ സഭയിൽ കൊണ്ടുവരും. ഈ നയത്തിന്റെ അടിസ്ഥാനത്തിൽ, സുതാര്യത ഉറപ്പുവരുത്തുന്ന കായികതാരങ്ങളായിരിക്കണം കായികരംഗത്തെ നയിക്കേണ്ടത്. അല്ലാതെ കണ്ടുകൊണ്ട് നിൽക്കുന്നവരും കാശടിക്കുന്നവരുമാകാൻ പാടില്ല എന്ന് സർക്കാരിന് നിർബന്ധമുണ്ട്. നിയമം പെട്ടെന്നു വരും, നിയമം റെഡി

യാണ്. അടുത്ത സഭാ സമ്മേളനത്തിൽ കൊണ്ടുവരാനുള്ള ഷെഡ്യൂളിംഗി ലാണ്. ബാക്കിയുള്ളതെല്ലാം റെഡിയാണ്. ആ അഴിമതി അവസാനിപ്പിക്കും. നിയമനത്തിൽ ക്രമക്കേടുകൾ ഉണ്ടായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞത് ശരി യാണ്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. പലരും കോടതിയെ സമീപിച്ചു. ഇപ്പോൾ ഞങ്ങൾ തീരുമാനിച്ചിരിക്കുന്നത്, ഇനി നിയമനത്തിന് കമ്പ്യൂട്ടറൈസ്ഡ് ആയിട്ടുള്ള ഒരു സംവിധാനത്തിലൂടെ, അപ്ലൈ ചെയ്യുന്നവർക്ക് അവരവരുടെ നേട്ടങ്ങൾ കമ്പ്യൂട്ടറിൽ പ്രവേശി പ്പിക്കാം. അത് കാണാൻ ലോകം മുഴുവൻ അവസരം കൊടുക്കും. ആർക്കാണ് കൂടുതൽ മാർക്ക് എന്നുള്ള കാര്യം എല്ലാവർക്കും സുതാര്യ മാകും. അങ്ങനെ തർക്കങ്ങൾ ഉണ്ടാകാതെ ഒരു ലിസ്റ്റ്, അതായത് എഞ്ചിനീ യറിംഗ്–മെഡിക്കൽ എൻട്രൻസ് പരീക്ഷയ്ക്ക് എൻട്രൻസ് ലിസ്റ്റുള്ളതു പോലെ ഒരു റാങ്ക് ലിസ്റ്റ് ഉണ്ടാക്കുന്ന ഒരു സോഫ്റ്റ്വെയർ എൻ.ഐ.സി. ഡെവലപ് ചെയ്തിട്ടുണ്ട്. അത് ഞങ്ങൾ പരിശോധിച്ചു, സ്പോർട്ട്സ് സെക്ര ട്ടറി പരിശോധിച്ചു. ഇനി മുഖ്യമന്ത്രിയെക്കൂടി അത് ബോധ്യപ്പെടുത്തിയാൽ ആ സോഫ്റ്റ്വെയറിന്റെ അടിസ്ഥാനത്തിലായിരിക്കും ജി.എ.ഡി. വഴി നിയമ നമുണ്ടാകുന്നത്. ബഹുമാനപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതി ഒരു അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. കളി കാണാൻ പോയ വോളിബോൾ താരങ്ങളിൽ ചിലർ – കളിയിൽ പങ്കെടുക്കാനല്ല, ടീമിനോടൊപ്പം പോകു കയും കോർട്ടിലിറങ്ങാതിരിക്കുകയും ചെയ്ത ആളുകൾ – നിയമനം നേടി എന്ന ഒരു ആരോപണത്തിൽ ബഹുമാനപ്പെട്ട വിജിലൻസ് കോടതി ഒരു അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള ധാരാളം ക്രമക്കേടു കളുണ്ട്, ഇല്ലെന്ന് പറയുന്നില്ല. ആ ക്രമക്കേടുകൾ പരിഹരിക്കുന്നതാണ്. ഈ

സർക്കാർ വന്നതിനുശേഷം രണ്ടുവർഷത്തെ ബാക്ക്‌ലോഗ് പരിഹരിച്ച് 102 പേർക്ക് ജോലി കൊടുത്തു. ഇനി രണ്ടുവർഷത്തേതു കൂടിയുണ്ട്. ഇനി എന്തുവന്നാലും, പുതിയ കമ്പ്യൂട്ടർ സംവിധാനവും പുതിയ നിയമങ്ങളും വന്നശേഷം മാത്രമേ നിയമിക്കുകയുള്ളൂ. അത് ഉടൻ തന്നെയുണ്ടാകും. രണ്ടു മൂന്നു മാസത്തിനുള്ളിൽ അത് നിലവിൽ വരും. ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയുടെ സമയം ചോദിച്ച് അദ്ദേഹം അത് ഒന്നുകണ്ട് അപ്രൂവ് ചെയ്യുന്നതി നുള്ള താമസമേയുള്ളൂ. ഇതിൽ ക്രമക്കേടുകളുണ്ട്. ബഹുമാനപ്പെട്ട അംഗം ഒരു കാര്യം മനസ്സിലാക്കണം, ഈ നയത്തെ എതിർക്കുന്നവർ ഇതിൽ അഴി മതി നടത്തുന്നവരാണ് എന്ന് ഉറപ്പിച്ചു പറയാം. ക്രമക്കേട് ആവശ്യമില്ലാത്ത വർ, സുതാര്യത ആവശ്യമുള്ളവർ ഇതിനെ എതിർക്കില്ല. കാരണം ഇത് കായികതാരങ്ങളെ മുൻനിർത്തിക്കൊണ്ടുള്ളതാണ്. Injury പറ്റുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു, ഈ ഗവൺമെന്റ് വന്നതിനുശേഷം സ്പോർട്ട്സ് ഡെവലപ്മെന്റ് ഫണ്ടുണ്ടാക്കിയിട്ടുണ്ട്. ആ ഫണ്ടിന്റെ ഉദ്ദേശ്യം എന്നു പറയുന്നത് വിദേശരാജ്യങ്ങളിൽ അയച്ച് കോച്ചിംഗ് നൽകുക, കുട്ടി കൾക്ക് നല്ല കോച്ചിംഗ് കൊടുക്കുക, അവർക്ക് പരിക്ക് പറ്റിയാൽ അവരെ ചികിത്സിക്കുക എന്നിവയാണ്. ഏറ്റവും ആധുനിക ഉപകരണങ്ങളുള്ള സ്പോർട്ട്സ് മെഡിസിൻ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. രണ്ടോ മൂന്നോ മാസത്തിനുള്ളിൽ അതും ഉദ്ഘാ ടനം ചെയ്യാൻ കഴിയും. സ്പോർട്ട്സിനെക്കുറിച്ച് റിസർച്ച് വേണം. ഇന്ത്യ യിലും ലോകത്തും ലഭ്യമാകുന്ന എല്ലാ ആധുനികമായ സംവിധാനങ്ങളും കേരളത്തിലേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമത്തിലാണ്. അങ്ങയുടെ മണ്ഡല ത്തിൽപ്പോലും നിർമ്മാണം നടക്കുന്ന അത്യന്താധുനികമായ സ്റ്റേഡിയങ്ങൾ,

സ്മൈൽ പ്രോജക്ട് കേരളത്തിലെ 100 സ്ഥലങ്ങളിലാണ് നടപ്പിലാക്കുന്നത്. സ്പോർട്ട്സ് കൗൺസിലിലെയും സ്പോർട്ട്സ് ഡയറക്ടറേറ്റിലെയും പണം ദുർവിനിയോഗം ചെയ്യാതെ അതിനെ കൃത്യതയോടെ ഉപയോഗിച്ചപ്പോൾ ഏതാണ്ട് 23 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് കേരളത്തിന്റെ ചരിത്രത്തിലാദ്യമായി സ്പോർട്ട്സ് വകുപ്പിൽ നടക്കുന്നത്. 35–ാമത് ദേശീയ ഗെയിംസിന്റെ എഞ്ചിനീയറിംഗ് വിംഗ് ഓരോ ടെണ്ടറും ഓരോ രേഖകളും ഓരോ നടപടികളും എഗ്രിമെന്റുകളും എല്ലാം വെബ്സൈറ്റിൽ നൽകിക്കൊണ്ട് സുതാര്യതയോടെ അഴിമതിയില്ലാതെ മുന്നോട്ട് പോകുകയാണ്. ഈ രംഗത്തുള്ള ക്രമക്കേടുകൾ പരിഹരിക്കണം. അതിന് ഈ നയവും, നയം നടപ്പിലാക്കാൻ വേണ്ടി നമ്മൾ കൊണ്ടുവരാൻ പോകുന്ന നിയമവ്യവസ്ഥകളും ഗുണം ചെയ്യുമെന്നാണ് എനിക്ക് മനസ്സിലായിട്ടുള്ളത്. മനസ്സിലാക്കാൻ സമയം കണ്ടെത്തിയാൽ തീർച്ചയായും അത് താങ്കളെ ബോദ്ധ്യപ്പെടുത്താം. ഈ സഭയെ ബോദ്ധ്യപ്പെടുത്തും. ഈ സഭയിലേയ്ക്കാണ് നിയമം വരാൻ പോകുന്നത്. അങ്ങ് പറഞ്ഞു, ഹോസ്റ്റലിൽ താമസിക്കുന്ന ആരുമില്ല എന്ന്. എന്തുകൊണ്ട് അത് സംഭവിച്ചു എന്ന് എല്ലാ അംഗങ്ങളും പഠിക്കണം. കാരണം കായികക്ഷമതയുള്ള കുട്ടികൾക്ക് പകരം മുൻകാലങ്ങളിൽ ശുപാർശയുടെ അടിസ്ഥാനത്തിൽ കായികശേഷി പോലുമില്ലാത്ത കുട്ടികളെ അവിടെ പഠിപ്പിക്കുകയാണ്. എനിക്ക് തന്നെ പലപ്പോഴും തുടക്കത്തിൽ ശുപാർശ കിട്ടിയിട്ടുണ്ട്. എന്റെ ബന്ധപ്പെട്ട ഒരാളാണ്, അദ്ദേഹത്തിന്റെ മകനാണ്, മകളാണ്, സാമ്പത്തികമായി വളരെ പുറകിലാണ് ജീവിക്കാൻ നിർവ്വാഹമില്ല, അതിനാൽ ഹോസ്റ്റലിൽ അഡ്മിഷൻ കൊടുക്കണം. മന്ത്രിക്ക് അതിന് അധികാരമുണ്ടോ? അങ്ങനെ ചെയ്യാൻ പാടില്ല. ഇപ്പോൾ സെലക്ഷൻസ് വളരെ കറക്ടാണ്. ഈ മികവുള്ള കുട്ടികൾ എവിടെയാണ്

പോകുന്നത്? ഇപ്പോൾ സ്കൂൾ ഗെയിംസിൽ ഒരു കുട്ടി മികവ് നേടിയാൽ കോച്ച് ആ കുട്ടിയെ ഏറ്റെടുക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒളിമ്പിക്സി നോട് പോയി വന്ന ആറുപേരോടും, ഇവിടെ ഗസറ്റഡ് റാങ്കിൽ ജോലിയും ഓരോരുത്തർക്കും വേണ്ടി നാലഞ്ചുകോടി രൂപ ചെലവഴിച്ച് ലോകനിലവാര മുള്ള കോച്ചിംഗ് കൊടുക്കാം എന്ന് ഒരു ഓഫർ വച്ചു. പക്ഷേ ആരും വന്നില്ല. എന്താണ് കാര്യമെന്ന് അറിയാമോ? കാരണം പലരും പല കോച്ചു കളുടേയും കൈയിലാണ്. അന്തർദ്ദേശീയ നിലവാരമുള്ള കോച്ചിംഗ് കൊടു ക്കാൻ ആ കോച്ചുകൾ അവരെ വിടില്ല. ഉദാഹരണം പറഞ്ഞാൽ, എട്ടാം ക്ലാസിൽ പഠിക്കുന്ന ഒരു കുട്ടിക്ക് നല്ല ഒരു ടീച്ചറെ വച്ചു. ടീച്ചർക്ക് കുട്ടിയെ വളരെ സ്നേഹമാണ്. രക്ഷകർത്താവിനും വളരെ ഇഷ്ടമാണ്. പക്ഷേ ആ കുട്ടി എഞ്ചിനീയറിംഗിന് ചെല്ലുമ്പോഴും ടീച്ചർ തന്നെ പഠിപ്പിക്കണം എന്നു രക്ഷകർത്താവും കുട്ടിയും ആഗ്രഹിച്ചാൽ എന്തായിരിക്കും സ്ഥിതി? എഞ്ചി നീയറിംഗിന് പഠിക്കാനുള്ള യോഗ്യതയായി. പക്ഷേ എട്ടാം ക്ലാസിൽ പഠി പ്പിച്ച ടീച്ചർ നല്ല ടീച്ചറാണ് അതുകൊണ്ട് ആ ടീച്ചർ തന്നെ പഠിപ്പിച്ചോട്ടെ എന്ന അവസ്ഥയാണ്. ഈ രീതിയിലാണ് സ്പോർട്ട്സ് വളരുന്നത്. പിന്നെങ്ങ നെയാണ് ഇവർക്ക് അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുക്കാൻ കഴിയുന്നത്? അന്തർദ്ദേശീയ മത്സരത്തിന് പോകണമെങ്കിൽ അതിനുകഴിയുന്ന ലോകോത്ത രനിലവാരമുള്ള കോച്ചുകളെ വയ്ക്കുകയും വിദേശരാജ്യങ്ങളിൽ വരെ അയച്ച് നമ്മുടെ കായികതാരങ്ങളെ നമ്മൾ പരിശീലിപ്പിക്കുകയും ചെയ്യണം. അങ്ങനെയാണ് എല്ലാ രാജ്യങ്ങളും ചെയ്യുന്നത്. നമുക്കത് ചെയ്യാൻ അവസര മില്ല. ഒരു കോച്ചിന്റെ കൈയിൽപ്പെട്ടുകഴിഞ്ഞാൽ ആ കോച്ച് കൊണ്ടു പോകും. ആ കോച്ചിന്റെ പരമാവധി കപ്പാസിറ്റി അനുസരിച്ച് കോച്ച് ചെയ്യും. ഇതൊക്കെ ശരിയാണെന്ന് അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട്

ഈ നയം ഒരു നല്ല നയമാണ്. ഇത് ഈ മേഖലയിൽ നടക്കുന്ന ക്രമക്കേടുകൾ അവസാനിപ്പിക്കാൻ ഉതകും. ഏത് രംഗത്തും കഴിവുള്ളവൻ മുന്നോട്ടു വരണം, കഴിവില്ലാത്തവർ പുറകോട്ടു നിൽക്കട്ടെ. കഴിവില്ലാത്തവനെ തിരുകിക്കയറ്റുന്ന പരിപാടി സങ്കടകരമാണ്. അങ്ങേയ്ക്കുതന്നെ അറിയാം പല സംഘടനകളിലും പ്രവർത്തനം ശരിയാണോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ പ്രധാനമന്ത്രിയോ വിചാരിച്ചാൽ ഒരാൾക്ക് സർക്കാർ സർവ്വീസിൽ ജോലി കൊടുക്കാൻ സാധിക്കില്ല. പക്ഷേ കേരളത്തിലെ ചില സ്പോർട്സ് സംഘടനകളുടെ ഭാരവാഹികൾ വിചാരിച്ചാൽ ഒരു വർഷം ഒരാൾക്ക് സർക്കാർ ജോലി കൊടുക്കാം. ഇത് നമുക്ക് അംഗീകരിക്കാൻ സാധിക്കുന്ന കാര്യമാണോ? ഇത് കേരളത്തിലെ ജനങ്ങൾ അംഗീകരിക്കുമോ? ആ ആളിന്റെ ക്വാളിറ്റി പ്രശ്നമല്ല. ഒരു സംഘടനയുടെ പ്രസിഡന്റോ സെക്രട്ടറിയോ വിചാരിച്ചാൽ ഒരാൾക്ക് സർക്കാർ ജോലി കൊടുക്കാൻ കഴിയും, ഏത് കാറ്റഗറിയിലാണെന്ന് ഞാൻ പറയില്ല. അത് സ്വകാര്യമായി ചോദിച്ചാൽ ഞാൻ പറഞ്ഞുതരാം. ഇത് അന്യായമല്ലേ. ആ അന്യായത്തിന് നമുക്ക് കൂട്ടു നിൽക്കാൻ സാധിക്കുമോ? അതുകൊണ്ട് ഈ രംഗത്ത് ഒരു സുതാര്യത ഉറപ്പാക്കാനാണ് ഈ നയം. ഈ നയത്തെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ അനുകൂലിക്കുകയും ഇതനുസരിച്ചുള്ള ഒരു നിയമം കൊണ്ടുവരികയും വേണം. ഒരു കൊള്ള നടക്കുന്നത് കണ്ടുകൊണ്ട് മിണ്ടാതെ നിൽക്കാൻ കഴിയില്ല. കായികരംഗത്ത് മികവുണ്ടാകും. ഇപ്പോഴുള്ള സെലക്ഷൻ അങ്ങേയ്ക്ക് പരിശോധിക്കാം. ഇപ്പോൾ എല്ലാ ഹോസ്റ്റലുകളിലും നടക്കുന്ന സെലക്ഷൻ വളരെ സ്ട്രിക്ടാണ്. ആരുടെയും ശുപാർശകൾ സ്വീകരിക്കുന്നില്ല. കായികമികവുള്ള കുട്ടികളെ നമ്മൾ ഹോസ്റ്റലിലേയ്ക്ക് കൊണ്ടുവരും. അവർക്ക് കൂടുതൽ സൗകര്യം കൊടുക്കും. എയർ കണ്ടീഷൻ ട്രെയിനിൽ കൊണ്ടു

പോകുന്ന കാര്യങ്ങളൊക്കെ ഞാൻ സമയമില്ലാത്തതുകൊണ്ട് പറയുന്നില്ല. നേരത്തെ ഞാൻ പറഞ്ഞതാണ്. അതിന് റെയിൽവേയുമായി ചർച്ചകൾ നടക്കുന്നുണ്ട്. ധനകാര്യ വകുപ്പുകൂടി അത് അംഗീകരിക്കേണ്ടതുണ്ട്. ഏതായാലും ഇന്ന് കൊണ്ടുപോകുന്നതിനേക്കാൾ, ട്രെയിനിൽ എയർ കണ്ടീഷനിൽ കൊണ്ടുപോകുമ്പോൾ 90 ലക്ഷം രൂപ ഒരു വർഷം കൂടുതൽ ചെലവ് വരുന്നുണ്ട്. അതിനുള്ള പണം ധനകാര്യ വകുപ്പ് പ്രൊവൈഡ് ചെയ്യേണ്ടതാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുമായി അക്കാര്യം ചർച്ച ചെയ്യുന്നുണ്ട്, അതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട് എന്ന് മാത്രം പറയുകയാണ്. ഇതിൽ ഒരു ആശങ്കയുടെ കാര്യമില്ല. ഈ നയവും ഇതിനെത്തുടർന്ന് വരാൻ പോകുന്ന നിയമവും കായികരംഗത്ത് കൂടുതൽ ഗുണം ചെയ്യും എന്ന് ഞാൻ പറയുകയാണ്.

<u>ശ്രീ. വി. ശിവൻ കുട്ടി</u>: സർ, അങ്ങ് പറഞ്ഞതെല്ലാം സ്വാഗതം ചെയ്യുകയാണ്. സ്പോർട്ട്സിനെ സംബന്ധിച്ച് ആദ്യമായിട്ടാണ് ഒരു ശ്രദ്ധക്ഷണിക്കൽ ഇവിടെ വരുന്നത്. സംസ്ഥാനത്തെ സ്പോർട്ട്സ് കൗൺസിലിന്റെ കീഴിലുള്ള 60 ഹോസ്റ്റലുകളിലായി 1500 കുട്ടികൾ പഠിക്കുന്നുണ്ട്. 1500 കുട്ടികളിൽ 136 കുട്ടികൾ പങ്കെടുത്ത കേരള ടീമിൽ ആകെ 11 പേർക്ക് മാത്രമാണ് സെലക്ഷൻ കിട്ടിയിരിക്കുന്നത്. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. രാജ്യത്തിനു വേണ്ടി ഒരുപാട് സംഭാവനകൾ ചെയ്തിട്ടുള്ള കായികതാരങ്ങൾക്ക് ഒരു ക്ഷേമനിധിയില്ല. ഇപ്പോൾ ക്ഷേമനിധിയില്ലാത്ത മറ്റൊരു സംഘവുമില്ല, 36 ക്ഷേമനിധികൾ കേരളത്തിലുണ്ട്. അതിനാൽ, സംസ്ഥാന ഗവൺമെന്റിന്റെ ഒരു വിഹിതം കൊടുത്തുകൊണ്ട് കായികതാരങ്ങൾക്ക് ക്ഷേമനിധി തുടങ്ങു

ന്നതിനെ സംബന്ധിച്ച് അങ്ങയുടെ കാലഘട്ടത്തിൽ ഗൗരവമായി ആലോചിക്കുവാൻ തയ്യാറാകുമോയെന്നാണ് എന്റെ ചോദ്യം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സ്പോർട്ട്സിനെക്കുറിച്ചുള്ള ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നതിൽ നന്ദിയുണ്ട്. അങ്ങ് ക്ഷേമനിധി ആരംഭിക്കുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇവിടത്തെ പല ക്ഷേമനിധികൾക്കും – കർഷകത്തൊഴിലാളി ക്ഷേമനിധിയെക്കുറിച്ച് കഴിഞ്ഞ ദിവസം ഇവിടെ ചർച്ചയുണ്ടായി – അതിന്റെ ഒരു അംശദായം അടയ്ക്കുവാൻ പോലും കഴിയാത്ത സ്ഥിതിയാണ്. ക്ഷേമനിധിയിലെ ആളുകളുടെ എണ്ണം വളരെ കുറവാണ്. പക്ഷേ സ്പോർട്ട്സ് താരങ്ങൾക്ക് കൊടുക്കുന്ന പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ക്ഷേമനിധിയെക്കുറിച്ച് നമുക്ക് ആലോചിക്കാം, പക്ഷേ ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിക്കണം. അങ്ങ് പറഞ്ഞതുപോലെ, അതിനുവേണ്ടി പ്രത്യേകമായി ഫണ്ട് മാറ്റിവച്ചെങ്കിൽ മാത്രമേ ക്ഷേമനിധി മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കൂ. കേരളത്തിലെ പല ക്ഷേമനിധികളുടെയും സ്ഥിതിയെന്ന് പറയുന്നത്, അവിടെയുള്ള ആളുകൾക്ക് ശമ്പളം കൊടുത്ത് പോവുകയെന്നതിനുപരിയായി ഗുണഭോക്താക്കൾക്ക് അതിന്റെ ഗുണം കിട്ടുന്നില്ല. സിനിമയ്ക്കുവേണ്ടി സാംസ്കാരിക ക്ഷേമനിധി കൊണ്ടുവന്നു. സിനിമ ടിക്കറ്റിൽ നിന്ന് മൂന്ന് രൂപവച്ച് പിരിക്കുവാൻ തീരുമാനിച്ചുകൊണ്ടാണ് ക്ഷേമനിധി survive ചെയ്യുവാൻ പോകുന്നത്. അല്ലെങ്കിൽ survive ചെയ്യില്ല. ഈ നിയമസഭ പാസ്സാക്കിയ നിമയത്തിനെതിരെ ചില തിയറ്റർ ഉടമകൾ കോടതിയെ സമീപിച്ചിരിക്കുകയാണ്. അത് വളരെ മോശമാണ്. അത്തരത്തിൽ ഒരു ക്ഷേമനിധി വരുമ്പോൾ അതിനുള്ള അംശദായവും മറ്റ് വരുമാനങ്ങളും എന്തൊക്കെയാണെന്ന് നോക്കണം. ഉദാഹരണ

ത്തിന്, കേരളത്തിൽ നടക്കുന്ന ക്രിക്കറ്റിന്റെ ടിക്കറ്റ് കളക്ഷനിൽനിന്ന് ഒരു ഓഹരി ക്ഷേമനിധിയിൽ കൊടുക്കുവാൻ സമ്മതിച്ചാൽ ക്ഷേമനിധി നന്നായി നടത്തുവാൻ സാധിക്കും. അത് അതിന്റെ കച്ചവട വശമാണ്, അത് സാമ്പത്തികമായി എങ്ങനെ മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കുമെന്നുള്ളതാണ്. ക്ഷേമനിധി ആരംഭിക്കുന്നത് സംബന്ധിച്ച് തീർച്ചയായും പരിഗണിക്കാവുന്നതാണ്, ആലോചിക്കാവുന്നതാണ്. ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ചതിനുശേഷം മാത്രമേ ഒരു മറുപടി പറയുവാൻ കഴിയൂ. തീർച്ചയായും ഇത് നല്ലൊരു ആശയമാണ്, എത്രത്തോളം പ്രാവർത്തികമാക്കുവാൻ കഴിയുമെന്ന് നോക്കണം. കാരണം മറ്റ് ക്ഷേമനിധികൾ പലതും ഞെരുങ്ങുകയാണ്. പുതിയ ഒരു ക്ഷേമനിധി സർക്കാരിന്റെ ബാധ്യതയോടുകൂടി തുടങ്ങുന്നത് ബുദ്ധിമുട്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീർച്ചയായും നോക്കാം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഒരു ശ്രദ്ധക്ഷണിക്കലിന്റെ മറുപടിക്ക് 10 മിനിറ്റ് സമയം എടുത്തു.